**“CORRUPTION, A CRIME AGAINST NATION”**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി :02.09.2024**

# കൈക്കൂലി വാങ്ങുന്നതിനിടെ വില്ലേജ് ഓഫീസർ വിജിലൻസ് പിടിയിൽ

വയനാട് ജില്ലയിലെ കുപ്പാടിത്തറ വില്ലേജ് ഓഫീസറായ അഹമ്മദ് നിസാർ 4,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (02/09/2024) വിജിലൻസിന്റെ പിടിയിലായി.

വയനാട് ജില്ലയിലെ മുണ്ടക്കുറ്റി സ്വദേശിയായ പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള ഒരേക്കർ വസ്തുവിന്റെ ആധാരത്തിൽ സർവ്വേ നമ്പർ തെറ്റായി രേഖപ്പെടുത്തിയിരുന്നത് തിരുത്തുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കഴിഞ്ഞ മാസം വില്ലേജ് ഓഫീസർക്ക് അപേക്ഷ നൽകിയിരുന്നു. തുടർന്ന് ഇക്കഴിഞ്ഞ ഇരുപത്തിമൂന്നാം തിയതി വില്ലേജ് ഓഫീസറെ കണ്ടപ്പോൾ 4,000/- രൂപ കൈക്കൂലി വേണമെന്ന് ആവശ്യപ്പെട്ടു. ഇന്ന് രാവിലെ വില്ലേജ് ഓഫീസറെ ഫോണിൽ വിളിച്ചപ്പോൾ കൈക്കൂലിയുമായി ഇന്ന് ഓഫീസിലെത്തിയാൽ സർട്ടിഫിക്കറ്റ് തരാം എന്നറിയിച്ചു. പരാതിക്കാരൻ ഈ വിവരം വിജിലൻസ് വടക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. ബിജു മോനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വിജിലൻസ് വയനാട് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഷാജി വർഗ്ഗീസിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (02/09/2024) ഉച്ചക്ക് 01:30 മണിയോടെ വില്ലേജ് അഫീസിൽ വച്ച് 4,000/- രൂപ കൈക്കൂലി വാങ്ങവെ അഹമ്മദ് നിസാറിനെ കൈയോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ തലശ്ശേരി വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി ശ്രീ. ഷാജി വർഗ്ഗീസിനെ കൂടാതെ ഇൻസ്പെക്ടറായ ശ്രീ. മനോഹരൻ.ടി, അസ്സി. സബ് ഇൻസ്പെക്ടർമാരായ ശ്രീ. പ്രമോദ്, ശ്രീ. സുരേഷ്.എസ്, ശ്രീ. സതീഷ് കുമാർ, ശ്രീ. ഗോപാലകൃഷ്ണൻ സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ബാലൻ.എസ്, അജിത് കുമാർ, സിവിൽ പോലീസ് ഓഫീസർമാരായ സുബിൻ.ടി.സി, ജിനേഷ്, സുബിൻ.പി.എൻ, മുഹമ്മദ് എന്നിവരുമുണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.